# ഇസ്ലാമും പലിശയും

ടി. പി. കുട്ടിയാമ്മു

AL-A.L No. 9

# ഇസ്ലാമും പലിശയും

R-328

Donated to C.I. Library

President
ISLAMIC CENTRE
CIVIL STATION, CALICUT-20

CENTRAL LIBRARY, ISLAMIC CENTRE * CIVIL STN. CALICUT 20
8432

ടി. പി. കുട്ടിയമ്മു

I P H Publication No. 81
ISLAMUM PALISHAYUM
Malayalam
First Edition
1970 June
Copies : 2000
Author:
T. P. Kuttiyammu
Published by:
Islamic Publishing House,
Calicut—12.
Printed at:
The Prabodhanam Press,
Calicut—12.
Price: 40 Ps.

# ആമുഖക്കുറിപ്പ്

മുസ്ലിം സമുദായത്തിൻെറ സാമ്പത്തിക പുരോഗതിയെപ്പററി ചർച്ച നടക്കുമ്പോളെല്ലാം ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ പലിശയെപ്പററി പരാമർശം ഉണ്ടാവാറുണ്ട്. വ്യവസായ വികസനം നമുക്ക് അനിവാര്യമാണെന്നും, അതിനു മുതൽ മുടക്ക് വേണമെന്നും, പലിശ കൊടുക്കുവാൻ തയ്യാറാവാതെ അത് ഇന്നത്തെ പരിതഃസ്ഥിതിയിൽ സാധ്യമല്ലെന്നുമാണ് വാദം. സാധാരണ നിലവാരത്തിലുള്ള ചില്ലറ സഹായങ്ങൾക്കും, റിലീഫ് വർക്കിന്നു പോലും, ചുരുങ്ങിയ നിലയിലുള്ള പലിശ വേണ്ടിവരുമെന്നും വാദിക്കുന്നു. ഇതു വകവെച്ചുകൊടുക്കുകയും, ഏതെങ്കിലും പ്രകാരത്തിൽ പലിശയിടപാടുകളെ ന്യായീകരിക്കുകയും ചെയ്യുന്നത് വിശുദ്ധ ഖുർആനിലെ വ്യക്തമായ ഒരു കല്പനയെ ധിക്കരിക്കലാണ്. അതിനു വഴങ്ങുന്നത് നമ്മുടെ വിശ്വാസത്തെ-ഈമാനിനെ- ബാധിക്കുന്നു; ആശയക്കുഴപ്പം സൃഷ്ടിക്കുന്നു; ഒരാദർശ സമുദായമെന്ന നിലയിൽ സമുദായോന്നമനത്തിനു വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിനു ഉലച്ചിലുണ്ടാക്കുന്നു. ഇതുകൊണ്ടാണ് ഈ വിഷയത്തെപ്പററി ഗാഢമായി പഠിക്കുവാൻ നാം തയ്യാറാകേണ്ടത്. ഇംഗ്ലീഷിലും ഉറുദുവിലുമുള്ള ചില നല്ല പുസ്തകങ്ങൾ പഠിച്ചു തയ്യാറാക്കിയിട്ടുള്ളതാണ് ഈ ലഘു കൃതി. ഡാ: അൻവർ ഇഖ്ബാൽ ഖുറൈശിയുടെ "ഇസ്ലാമും പലിശ

യുടെ തത്വവും'' (അഷ്റഫ് പബ്ലിക്കേഷൻസ്) എന്ന ഗ്രന്ഥവും, അലീഗർ യൂനിവേഴ്സിററി ദീനിയ്യാത്ത് പ്രഫസർ ഫസലുർറഹ്മാൻ സാഹിബിൻെറ ''വ്യവസായ വ്യാപാര വായ്പകളിന്മേലുള്ള പലിശ - ചരിത്രപരവും മതപരവുമായ വീക്ഷണം'' എന്ന പുസ്തകവും ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഇസ്‌ലാമിക വീക്ഷണത്തിലൂടെ പലിശയെക്കുറിച്ച സമഗ്രമായൊരു വിശകലനം ഈ കൃതിയുടെ ഉദ്ദേശ്യമല്ല. മതപണ്ഡിതന്മാരുടെയും സാമ്പത്തിക വിദഗ്ധന്മാരുടെയും പരിഗണനക്കായി മൗലിക പ്രാധാന്യമർഹിക്കുന്ന ചില വസ്തുതകൾ സമർപ്പിക്കുക മാത്രമാണിതിലൂടെ ചെയ്തിരിക്കുന്നത്.

—വിധേയൻ

തിരുവനന്തപുരം ]
1—6—1970 ]

ടി. പി. കുട്ടിയമ്മു.

# ഇസ്ലാമും പലിശയും

പലിശ ഇസ്ലാമിൽ നിഷിദ്ധമാണ്. സാധാരണ പലിശ, കൂട്ടുപലിശ, ഉപഭോഗ വായ്പയിന്മേലുള്ള പലിശ, ഉല്പാദന വായ്പയിന്മേലുള്ള പലിശ, പണയത്തിന്മേൽ വായ്പകൊടുക്കുന്ന സൌകാറന്മാർ ഈടാക്കുന്ന പലിശ, ബേങ്കിടപാടുകളിലുള്ള പലിശ—എന്നിങ്ങനെ ഏതു തരത്തിലായാലും പലിശ നിഷിദ്ധം തന്നെ. അതു മനുഷ്യനിലെ നല്ല ഗുണങ്ങളെ നശിപ്പിക്കുകയും, സമുദായ മദ്ധ്യത്തിൽ ചൂഷണവും ഉച്ചനീചത്വവും വളർത്തുകയും ചെയ്യുന്നു. നൂററാണ്ടുകളായി വളൎന്നുവന്നിട്ടുള്ള ഈ പാപത്തിൻെറ നരകയാതന ഇന്നു ലോകം മുഴുവനും അനുഭവിക്കുകയാണ്. ആധുനിക സാമ്പത്തിക ശാസ്ത്രം ഈ മാരകായുധത്തെ മറയ്ക്കുവാനും അലങ്കരിക്കുവാനും ഉപയോഗിച്ചിട്ടുള്ള മൂടുപടങ്ങളെ തട്ടിനീക്കി, അതിൻെറ തനിനിറം ലോകത്തിനു കാണിച്ചുകൊടുക്കേണ്ടതുണ്ട്. പലിശ ഫലപ്രദമായി നിരോധിക്കുന്നപക്ഷം മുതലാളിത്വത്തിൻെറ ദോഷ ഭാഗങ്ങൾ മിക്കതും നീങ്ങുന്നതും, കമ്മ്യൂണിസത്തിൻെറ ദോഷ ഭാഗങ്ങൾ ഒഴിവാക്കികൊണ്ട് സമത്വസുന്ദര

മായ ഒരു സാമ്പത്തിക വ്യവസ്ഥിതി കൈവരുന്നതുമാണ്. ഗവർമ്മെണ്ടുത്തരവാദിത്തത്തിൽ ന്യായമായ എല്ലാ ആവശ്യങ്ങൾക്കും, ശരിയായ ഉറപ്പിന്മേൽ, പലിശയില്ലാതെ വായ്പ നല്കുവാൻ ഏർപ്പാടുകൾ വേണം. അതില്ലാത്തേടത്തോളം, അല്ലെങ്കിൽ അത്തരം ഏർപ്പാടുകളുണ്ടായാലും മുസ്ലിംകളുടേതായ "ബൈത്തുമാൽ" പ്രാദേശികാടിസ്ഥാനത്തിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്. ഇത് നമ്മുടെ നാനാവിധമായ അഭിവൃദ്ധിക്ക് സഹായകമായിരിക്കും.

ഇതെല്ലാം വെറുതെ പറയുന്നതല്ല. ഇന്നത്തെ സാമ്പത്തിക വളർച്ചയും, അതിന്റെ മൂലക്കല്ലായ ബേങ്കിങ്ങ് സമ്പ്രദായവും നമ്മുടെ കാഴ്ചപ്പാടിനെ ഒട്ടാകെ മയക്കിക്കളഞ്ഞിരിക്കുന്നു. ഇന്നത്തെ സാമ്പത്തിക സംവിധാനം ലോകം മുഴുവനുമുള്ള വാണിജ്യ വ്യവസായങ്ങളേയും, ഭരണകൂടങ്ങളേയും, മത സ്ഥാപനങ്ങളെ പോലും ബേങ്കിങ്ങുമായി കെട്ടി ബന്ധിച്ചിട്ടുണ്ട്. പലിശ അതിന്റെ കാതലായ ഒരു ഘടകമാണുതാനും. ബേങ്കിങ്ങും പലിശയുമില്ലാതെയുള്ള ഒരേർപ്പാട് വിഭാവനം ചെയ്യുവാൻ പോലും നമുക്കു സാധിക്കുന്നില്ല. തികച്ചും "ശാസ്ത്രീയ"മെന്നു പരക്കെ ധരിച്ചുവെച്ചിട്ടുള്ള ഈ സംവിധാനം "ആധുനികത്വ"ത്തിന്റെ മാന്യതയോടെ സർവ്വസ്വീകാര്യമായി നിലകൊള്ളുമ്പോൾ, ഇസ്ലാമും "ആധുനികശാസ്ത്ര"വുമായി പൊരുത്തപ്പെടുന്നുവെന്നു കാണിക്കുവാൻ, പലിശയെ നിരോധിച്ചുകൊണ്ടുള്ള ഇസ്ലാമിക വിധികളെ ഒരു ക്ഷമാപണമനഃസ്ഥിതിയോടുകൂടി നാം വ്യാഖ്യാനിക്കുന്നു. ഉല്പാദന വായ്പകളിന്മേലുള്ള മര്യാദപ്പലിശ അനുവദനീയമാണെന്നും, ജീവിതാവശ്യങ്ങൾക്കായെടുക്കുന്ന വായ്പയിന്മേലുള്ള അമിതമായ പലിശയാണ് നിരോധിക്ക

പ്പെട്ടിട്ടുള്ളതെന്നും സമർത്ഥിക്കുന്നു. പതിനാലു് നൂററാണ്ടുകൾക്കു മുമ്പ് അറേബ്യയിലുണ്ടായിരുന്ന മന്ദഗതിയിലുള്ള വ്യാപാരവും കാർഷിക സമ്പ്രദായങ്ങളും ഇന്നത്തെ കുതിച്ചു പായുന്ന വ്യവസായ സംവിധാനവുമായി വളരെ വ്യത്യാസപ്പെട്ടിരുന്നതുകൊണ്ടു, അന്നു നിർദ്ദേശിച്ച വിധിവിലക്കുകൾ അപ്പടി സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നാണ് വാദം. നമ്മുടെ സാമ്പത്തിക സാമൂഹ്യ വ്യവസ്ഥിതിയുടെ സകല നിലവാരങ്ങളേയും ബേങ്കും പലിശയും അടിമുടി ബാധിച്ചിരിക്കുമ്പോൾ, അതിന്നുള്ളിൽ പലിശയില്ലാത്ത ഒരു വായ്പാസമ്പ്രദായം സംഘടിപ്പിക്കുന്നതിലുള്ള പ്രായോഗികമായ പ്രയാസങ്ങൾ അവഗണിക്കാവതല്ല. വാസ്തവത്തിൽ ഇതു നമ്മെ ഭഗ്നാശരാക്കുകയും, പലിശ ഒഴിവാക്കുവാൻ സാധിക്കാത്ത ഒരു തിന്മയാണെന്ന ബോധം നമ്മിൽ കരുപ്പിടിപ്പിക്കുകയും ചെയ്യുന്നു. ഈ പരാജയബോധവും, ആദ്യംപറഞ്ഞ ക്ഷമാപണ സമീപനവും രണ്ടും ശാസ്ത്രീയമായ പഠനത്തിനു സഹായകമല്ല. സർവ്വജ്ഞനും സ്ഥലകാല പരിമിതികൾക്കതീതനുമായ അല്ലാഹുവിന്റെ 'കലാമാ'യ വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്ന നമുക്കു അതൊട്ടും തന്നെ ഭൂഷണമല്ല.

## ആധുനിക ബേങ്കിങ്ങ് വ്യവസ്ഥയുടെ ഉൽഭവം

ആധുനിക ബേങ്കിങ്ങ് പദ്ധതിയുടെ ഉത്ഭവത്തെപ്പററി നമുക്ക് അന്വേഷിക്കാം. പ്രാചീന കാലത്തു് ഒരാളുടെ സമ്പാദ്യത്തിന്റെ ലക്ഷണം അയാളുടെ പക്കലുണ്ടായിരുന്ന സ്വർണ്ണത്തിന്റെ അളവായിരുന്നു. നല്ല ഉറപ്പോടെ സൂക്ഷിക്കേണ്ടതിന്നു ധനികന്മാർ തങ്ങളുടെ

സ്വർണ്ണം തട്ടാന്മാരെയും ഷ്റോഫ്മാരെയും ഏല്പിക്കുക യായിരുന്നു പതിവു്. ഈ ഷ്റോഫ്മാർ തങ്ങളുടെ വശം സൂക്ഷിപ്പിനു് ലഭിച്ച സ്വർണ്ണത്തിനു് രശീതി കൊടുക്കുന്നതും സാധാരണമായിരുന്നു. കാലക്രമേണ പണമിടപാടുകാരാക്ക് സ്വർണ്ണം കൈമാററം ചെയ്യുന്നതിനുപകരം, എളുപ്പത്തിനുവേണ്ടി ഈ രശീതുകരം കൈമാററിത്തുടങ്ങി. ബേങ്ക് നോട്ടുകളുടെ ആരംഭം ഇതായിരുന്നു. സൂക്ഷിപ്പ് സ്വർണ്ണം ഏറിയേറി വരുന്തോറും ഈ നോട്ടുകളും ഏറിക്കൊണ്ടുവന്നു. എന്നാൽ ഏതൊരാളും തൻെറ നോട്ട് കൊണ്ടുചെന്നാൽ ഷ്റോഫ് അതിനു പകരം സ്വർണ്ണം കൊടുത്തിരുന്നു. ഈ സേവനത്തിനു ഷ്റോഫ് ചില്ലറ പ്രതിഫലവും വാങ്ങും. കാലക്രമത്തിൽ ഈ നോട്ടുകരം മററു പ്രകാരത്തിലും സൌകര്യമുള്ളതായി അനുഭവപ്പെട്ടു. സ്വർണ്ണം സ്വർണ്ണമായിത്തന്നെ എടുക്കുന്നതു ചുരുക്കം ചില അവസരങ്ങളിൽ മാത്രമായിരുന്നു. ഏറിയകൂറും അതു ഷ്റോഫിൻെറ ഖജാനയിൽ ഒതുങ്ങിക്കൂടുകയും, അതിനു പകരമുള്ള നോട്ടുകരം മാത്രം കൈമാറിക്കൊണ്ടിരിക്കുകയും ചെയ്തു. തൻെറ പക്കൽ സൂക്ഷിച്ചു വെച്ച സ്വർണ്ണത്തിൻെറ ഒരു ചെറിയ ശതമാനമൊഴിച്ചു ബാക്കിയുള്ളത് മടക്കിവാങ്ങുവാൻ തിരക്കുണ്ടായിരുന്നില്ല. ഈ "മിച്ച സ്വർണ്ണം" വെറുതെ "അലസമായി" തൻെറ ഇരുമ്പ് പെട്ടിയിൽ ഇരിക്കുന്നത് നമ്മുടെ "സമുദായസ്നേഹി"യായ ഷ്റോഫ് ഇഷ്ടപ്പെട്ടില്ല. അതു ആവശ്യക്കാക്ക് നല്ല ഉറപ്പുകളുടെ അടിസ്ഥാനത്തിൽ വായ്പയായി കൊടുത്തു. ഈ വായ്പയും ഏറിയകൂറും സ്വർണ്ണമല്ല, വെറും നോട്ടുകളായിരുന്നു. അതിന്മേൽ നല്ല പലിശയും ഷ്റോഫ് ഈടാക്കി. ഒരാരം സൂക്ഷിപ്പിനു നല്കിയ സ്വർണ്ണം മറെറാരാരാക്ക് വായ്പയായി നല്കുന്നത് തെററ്. ആദ്യത്തെ ആളോട് സൂക്ഷിപ്പിനുള്ള പ്രതിഫലവും, രണ്ടാമ

ത്തെ ആറളാട് പലിശയും— ഇങ്ങിനെ രണ്ടു ഭാഗത്തു നി
ന്നും പ്രതിഫലം വാങ്ങുന്നത് മറെറാരു തെററ്. ഈ ഇട
പാടിൽ സാക്ഷാൽ സ്വത്തിന്റെ അഞ്ചോ, പത്തോ
ഇരട്ടിയാണ് നോട്ട് മുഖേന കറങ്ങുവാൻ വിടുന്നത് എ
ന്നത് വലിയ തെററ്. വായ്പകൊടുക്കുന്നത് ശരിയായ
ഉറപ്പിന്മേലായതുകൊണ്ടു്, കടക്കാരനു പണവും പലിശ
യും ഒത്തുക്കുവാൻ സാധിക്കാതെ വരുമ്പോൾ, അവൻ ഉറ
പ്പ് നല്കിയ സ്വത്തും ഈ ഷ്റോഫ് പിടിച്ചെടുക്കുന്നു.
ഈ ഇടപാടിലെ ഏകപക്ഷീയമായ അനീതി വ്യക്തമാ
ണല്ലോ. ഇത് തട്ടിപ്പും ചൂഷണവുമല്ലെങ്കിൽ മറെറന്താ
ണ്? ഈ മറിതിരിവിന്റെ വികസനമാണ് ഇന്നത്തെ
ബേങ്കിങ്ങും കടലാസ് നാണയവും. പണം വായ്പയായി
കൊടുത്ത് നേരെ ചൊവ്വെ പലിശവാങ്ങുന്ന ഷൈലോ
ക്കിനെ അപേക്ഷിച്ച് കൂടുതൽ ഭയാനകമാണ് ഈ പദ്ധ
തിയെന്നു പറയാതെ നിവൃത്തിയില്ല. ധനസമ്പാദനത്തി
നും സാമ്പത്തികമായ ചൂഷണത്തിനും വളരെ എളുപ്പമുള്ള
ഒരു പദ്ധതിയായതുകൊണ്ടു് ഇതു ബഹുശീഘ്രം വളന്നു
വന്നു.

## പാളയത്തിലെ കള്ളൻ

ഇന്നു ലോകത്ത് പ്രചാരത്തിലിരിക്കുന്ന നാണയ
ത്തിൽ 98 ശതമാനത്തോളം ബേങ്കുകളുടെ "സ്വത്താ"കുന്നു.
വ്യവസായംമൂലവും മററും വെളിയിൽ പുതുതായുണ്ടാകുന്ന
പണവും മിക്കവാറും മുതലായും പലിശയായും അവർക്കു
തന്നെയാണ് ചെന്നുചേരുന്നത്. വ്യവസായ വാണിജ്യ
ങ്ങളുടെ ഏറിയേറിവരുന്ന ആവശ്യം ബേങ്കുകാരെസംബ
ന്ധിച്ചേടത്തോളം കൂടുതൽ കൂടുതൽ ലാഭമുണ്ടാക്കുവാനുള്ള
സന്ദർഭങ്ങളാണുതാനും. ആകെല്ലാം എന്തെല്ലാം സംഭവി

പ്പാലും ബേങ്കുകൾക്ക് ലാഭം തന്നെ. പാളയത്തിലെ കള്ളൻ ഇവിടെയാണ് പതുങ്ങിയിരിക്കുന്നത്. ഈ കള്ളനെ വെറുതെ വിട്ട, അതിൻെറ ദുർഭഗ സന്തതികളായ മുതലാളിത്തം, കുത്തക എന്നിവയുടെ പിന്നാലെ പരക്കം പായുന്നതിന്ന അർത്ഥമില്ല. സോഷ്യലിസത്തിൻെറ പേരിൽ ബേങ്കുകൾ ദേശവൽക്കരിച്ചതുകൊണ്ട് രോഗം ശമിക്കുമോ? രോഗ ലക്ഷണങ്ങളെ ചികിത്സിക്കുന്നതിന്ന പകരം രോഗ കാരണമായ വിഷത്തെത്തന്നെ എടുത്തെറിയുന്നതല്ലെ ഉത്തമം?

രക്തം നശിച്ച അവശതയിൽ കിടക്കുന്ന പിത്തരോഗിയുടെ ഞരമ്പുകളിൽ അല്പം രക്തം കുത്തിക്കയററുക; പിന്നീട് ശരീരത്തിലുള്ള രക്തം മുഴുവൻ ഊററി വലിച്ചു കുടിക്കുക— ഇതത്രെ ഈ പലിശ ഏർപ്പാടിൻെറ ഫലം. പലിശയുടെ ക്രൂരമായ മുഷ്ടിയിൽനിന്ന് ആരും സുരക്ഷിതരായിട്ടില്ല. വ്യാപാരിയും, ഭരണകർത്താവും, പുരോഹിതന്മാരെല്ലാമെല്ലാം എക്കാലവും ഇതിന്ന തല കുനിക്കേണ്ടി വന്നിട്ടുണ്ട്.

## എന്തുകൊണ്ട്
## പലിശയില്ലാ സഹായം ആയിക്കൂടാ?

പണത്തിന്മേൽ പലിശ ഈടാക്കുന്നതിൻെറ ന്യായീകരണത്തെപ്പററി സാമ്പത്തിക വിദഗ്ദ്ധന്മാർ തൃപ്തികരമായ ഒരു നിർവ്വചനം നല്കിയിട്ടില്ല. അവർ പല കാരണങ്ങളും ഉന്നയിക്കാറുണ്ടെങ്കിലും അവയിലൊന്നും തന്നെ തികച്ചും തൃപ്തികരമല്ല. കഴിഞ്ഞ ചില വർഷങ്ങളിൽ പല അവസരങ്ങളിലായി ലോക വിപണിയിൽ പലിശ നിരക്ക് വളരെയേറെ മാറിക്കൊണ്ടിരുന്നിട്ടുണ്ട്. രണ്ടാം

ലോക മഹാ യുദ്ധത്തിൻെറ സന്ദർഭത്തിൽ അമേരിക്കയും, ഇന്ത്യാ ഗവർമ്മെണ്ടു് പോലും ഒരു ശതമാനവും അതിൽ കുറവും പലിശക്കു് കടമെടുത്തിട്ടുണ്ടു്. 10_ം, 12_ം ശതമാനത്തിൽനിന്നു് കുറഞ്ഞു 5_ം, 6_ം പിന്നീട് 1_ം അതിൽ കുറഞ്ഞും ശതമാനം വരെ പലിശ നിരക്കു് കുറയാമെങ്കിൽ എന്തുകൊണ്ടു് അതു് വെറും "പൂജ്യം" ആയിക്കൂടാ? പലിശയില്ലാതെയും, പോരെങ്കിൽ കുറെയൊക്കെ വിട്ടൊഴിച്ചിട്ടും വാത്സല്യവും സഹായവും എല്ലാ ലവലുകളിലും നടന്നിട്ടുള്ളതിനു പല ഉദാഹരണങ്ങളും എടുത്തു കാണിക്കുവാൻ സാധിക്കും. അതുകൊണ്ടു് പലിശയില്ലാത്ത സഹായം ഏതായാലും അപ്രായോഗികമല്ല.

## പലിശ അവരുടെ വീക്ഷണത്തിൽ

പ്രാചീന കാലങ്ങളിൽ പലിശയെ ജനങ്ങൾ അതിൻെറ തനിനിറത്തിൽ തന്നെ കാണുകയും നിഷിദ്ധമായി കരുതുകയും ചെയ്തുപോന്നു. അന്നത്തെ കടവാങ്ങുകാർ തികച്ചും ദൈനംദിനാവശ്യങ്ങൾക്കു വേണ്ടിയായിരുന്നു മിക്കവാറും. പുരാതന നാഗരീകതകളുടെ സ്ഥിതിയും അതുതന്നെ. ഗ്രീക്കുകാർ പലിശ നിഷിദ്ധമായി കരുതി. കനകത്തെ ഒരു മുട്ടയിടാത്ത കോഴിയോടായിരുന്നു അരിസ്റ്റോട്ടൽ ഉപമിച്ചതു്. പണം പലിശ കൊണ്ടു പെരുകുന്നതു പ്രകൃതി വിരുദ്ധമാണെന്നു അദ്ദേഹം സിദ്ധാന്തിച്ചു. പ്ലാട്ടോവും അതേ അഭിപ്രായം തന്നെയാണു് വെച്ചുപോന്നതു്. റോമാക്കാരും ആദ്യമാദ്യം പലിശ നിഷിദ്ധമായി കണക്കാക്കി. പക്ഷെ അവരുടെ സാമ്രാജ്യം വികസിക്കുകയും, വാണിജ്യവും വ്യവസായവും വളർന്നു വരികയും ചെയ്തപ്പോൾ പലിശ അല്പം മാന്യത പൂണ്ടുകൊണ്ടു് തല പൊക്കി. എന്നാൽ ഗവമ്മെണ്ടു നിയമങ്ങൾ മുഖേന

പലിശയെ കർശനമായി നിയന്ത്രിക്കുകയും കടബാദ്ധ്യസ്ഥർക്ക് സംരക്ഷണം നൽകുകയും ചെയ്തുപോന്നു. മദ്ധ്യകാലം മുഴുവൻ ക്രൈസ്തവ പള്ളി പലിശ നിഷിദ്ധമായി തന്നെയാണ് കരുതിയത്. എന്നാൽ 13-ാം നൂററാണ്ടിന്റെ അന്ത്യത്തോടു കൂടി പള്ളിയുടെ സ്വാധീനം ക്ഷയിക്കുകയും, രാജ്യഭരണം മത നിബന്ധനകളിൽ നിന്നു വേർതിരിക്കപ്പെടുകയും ചെയ്തതോടെ, പലിശ നിയന്ത്രണാതീതമായ അഴിഞ്ഞാട്ടം തുടങ്ങി. പലിശയെ ന്യായീകരിച്ചുകൊണ്ടു ബേക്കൺ പറഞ്ഞതു് ഇപ്രകാരമാണ്: "ഒരു വ്യക്തിക്കു പണം ആവശ്യമായി വരുന്നു. അതു നിറവേററുവാൻ മറെറാരു വ്യക്തി വായ്പ നല്കേണം. വായ്പ നല്കുന്നവൻ തന്റെ പണം കൈവിടുവാൻ —അതു തല്ക്കാലത്തേക്കു മാത്രമാണെങ്കിൽ കൂടി— അവന്നു ഒരു പ്രേരണ വേണം. ആ പ്രേരണയായിട്ടാണ് പലിശ ഗണിക്കപ്പെടേണ്ടതു്.'' ഈ സമീപനത്തിലടങ്ങിയിരിക്കുന്ന ഭവിഷ്യത്തു് പറയേണ്ടതില്ലല്ലൊ. സ്നേഹം, പരസ്പര സഹായം എന്നീ മഹദ്ഗുണങ്ങൾ ഇല്ലാതാവുകയും, കൊതി, പരാശ മുതലായ ദുർഗ്ഗുണങ്ങൾ അവയുടെ സ്ഥലം പിടിച്ചെടുക്കുകയും ചെയ്തു. സാമ്രാജ്യീക മൂല്യങ്ങളുടെ തകർച്ചയുടെ നാന്ദിയായിരുന്നു ഇതു്. ഈ ദൂഷ്യങ്ങൾ അമിതമായ നിലയിൽ വർദ്ധിച്ചുവന്നപ്പോൾ വീണ്ടും നിയമങ്ങൾ മുഖേന കടബാദ്ധ്യതയുള്ളവർക്ക് രക്ഷ നല്കേണ്ടിവന്നു. 1545ൽ ഇംഗ്ലണ്ടിൽ അമിതപ്പലിശ (Usury) നിരോധിച്ചുകൊണ്ടു നിയമമുണ്ടായി — വിശുദ്ധ ഖുർആൻ പലിശ നിരോധിച്ചു ആയിരം വർഷങ്ങൾക്കു ശേഷം! ഇക്കാലത്താണ് മര്യാദപ്പലിശ (Interest) യും അമിതപ്പലിശ (Usury) യും വേർതിരിച്ചു പ്രയോഗിച്ചു തുടങ്ങിയതു്. പക്ഷെ ഈ നിയമനിർമ്മാണത്തിനും പലിശയുടെ വളർച്ചയെ തടയുവാൻ സാധിച്ചില്ല. അതു് ഏറിയേറിത്തന്നെ

വന്നു; ഒരു പുതിയ നിർവ്വചനവും: "നിലം, ഉൽപന്നങ്ങൾ എന്നിവയെപ്പോലെ പണവും ഉൽപാദന ശേഷിയുള്ള ഒരു മുതലാണ്. അതു വായ്പകൊടുക്കുന്നതു് കൃഷിനിലം പാട്ടത്തിനു കൊടുക്കുന്നതുപോലെയാണ്. നിലത്തിനു പാട്ടമാകാമെങ്കിൽ, പണത്തിനു പലിശയുമാകാം." സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാക്കൾ എന്നു പറയാവുന്ന ചിലർ മറെറാരു നിർവ്വചനം നല്കി: "ഒരാൾ തന്റെ പണം ഉപയോഗിച്ചു ലാഭമുണ്ടാക്കുന്നതിനു പകരം ആ പണം മറെറാരാൾക്കു വായ്പ നൽകുന്നു. അതിനുള്ള പ്രതിഫലമാണ് പലിശ." മറെറാരു വിശദീകരണം നോക്കുക: "ഒരാളുടെ കൈയിലുള്ള ഒരു സൌകര്യം താൻ തന്നെ അനുഭവിക്കാതെയിരിക്കുക; അല്ലെങ്കിൽ പിന്നീടു അനുഭവിക്കാമെന്നുവെച്ചു തൽക്കാലം നീട്ടിവെക്കുക. എന്നിട്ടു് ഈ സൌകര്യം തൽക്കാലത്തേക്കു് മറെറാരാൾക്കനുഭവിക്കുവാൻ വിട്ടുകൊടുക്കുക. ഈ ത്യാഗത്തിന്റെ വിലയാണ് പലിശ." ഇതെല്ലാം ഓരോ ഒഴികഴിവല്ലാതെ സത്യസന്ധമായ നിർവ്വചനമല്ല. പണക്കാരൻ തന്റെ പണം നല്ലവണ്ണം സൂക്ഷിക്കുമെന്നും, അതു് ലാഭകരമായി ഉപയോഗിക്കുമെന്നും, അങ്ങിനെ ഉപയോഗിച്ചാൽ, എപ്പോഴും ഏതാണ്ടു് ക്ലിപ്തമായ ലാഭമുണ്ടാകുമെന്നും, ഈ ഹുണ്ടികക്കാർ സമുദായ സ്നേഹികളും ത്യാഗിവര്യന്മാരുമാണെന്നുമെല്ലാം പറയുന്നതു ആശ്ചര്യം തന്നെ. ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള വായ്പക്കു 5 ശതമാനം പലിശ ലഭിക്കുമ്പോൾ വാററു കേന്ദ്രം സ്ഥാപിക്കുന്നതിനു വായ്പകൊടുത്താൽ 10 ശതമാനം കിട്ടുമെങ്കിൽ ഈ ത്യാഗിവര്യന്മാരെന്തു ചെയ്യുമെന്നു ഊഹിച്ചുനോക്കുക. അവർക്കെല്ലാം വിദൂര നമസ്കാരം!

ഏററവും അധികം സ്വീകാര്യം ലഭിച്ചിട്ടുള്ള നിർവ്വചനം മുതൽ മുടക്കിൽ അന്തർലീനമായിക്കിടക്കുന്ന ഉല്പാ

ദന ശേഷിയെ ആധാരമാക്കിയിട്ടുള്ളതത്രെ. "മൂലധനം സാധനങ്ങളെ ഉല്പാദിപ്പിക്കുന്നു. അല്ലെങ്കിൽ കൂടുതൽ മുതൽ മുടക്കു കൊണ്ടു വളരെ കൂടുതൽ ഉല്പാദനം ലഭിക്കുന്നു. അതുമല്ലെങ്കിൽ കൂടുതൽ വിലപ്പെട്ട സാധനം ഉല്പാദിപ്പിക്കുന്നു. ഏതായാലും മുതൽ മുടക്കില്ലാതെ ഉല്പാദനം സാധ്യമല്ല. അതുകൊണ്ട് മൂലധനം തന്നത്താൻ വളരുവാൻ സാധ്യതയുള്ള ഒരു സ്വത്തുതന്നെയാണ്". ഇങ്ങിനെയെല്ലാമാണ് ഇതിൻെറ ആരാധകന്മാർ വാദിക്കുന്നത്. ഇത് ശരിയല്ല. പലിശയുടെ അടിസ്ഥാനത്തിലാണ് മുതൽ മുടക്കെങ്കിൽ ഇവിടെയെല്ലാം ഉണ്ടാകുന്നത് ഒരു "വൺവെട്രാഫിക്കാ"ണ്. മുതൽ മുടക്കുകാരൻെറ നില, "തലയെനിക്കു ലാഭം, വാൽ നിനക്ക് നഷ്ടം" എന്നതാണ്; അതായത് ഉല്പാദനം എന്തുതന്നെയായാലും അവൻെറ "മാംസക്കഷ്ണം" അവനു ലഭിക്കണം. ഉല്പാദനം വർദ്ധിക്കുന്നുവെന്നു വന്നാൽ തന്നെ, സാധനത്തിൻെറ വില വർദ്ധിക്കണമെന്നില്ല. പലപ്പോഴും ഉല്പാദനത്തിൻെറ കണക്കില്ലാത്ത വർദ്ധനവ് വിലയിടിവിനു കാരണമാകുന്നു. വായ്പ വാങ്ങുന്നവനു പലപ്പോഴും നഷ്ടം വരാറുണ്ടെന്നും, അങ്ങിനെ വന്നാലും മുതൽ മുടക്കിയവനു പലിശ കൊടുക്കണമെന്നും, നഷ്ടം വരുമ്പോൾ അവൻ ഉറപ്പിനായി പണയം വെച്ച സ്വത്തും നഷ്ടമാകുമെന്നും നാം ഓർക്കേണ്ടതാണ്. ചുരുക്കത്തിൽ പണം നല്ലതാണെന്നും, ഉല്പാദനശേഷിയുള്ള ഒരു മുതലാണെന്നും സമ്മതിച്ചാൽ തന്നെ, ഉല്പാദനശേഷിയുള്ള മററു പല ഘടകങ്ങൾക്കുമുള്ളതിനേക്കാൾ മെച്ചപ്പെട്ടതും, അദ്ധ്വാനിക്കാതെ, നഷ്ടപ്പെടാതെ, താനേ വളർന്നുവരുന്നതുമാണെന്ന നിഗമനം തികച്ചും പിശകാണ്. ഉള്ളവൻ യാതൊരദ്ധ്വാനവും കൂടാതെ കൂടുതൽകൂടുതൽ സമ്പാദിക്കുകയും, വായ്പ വാങ്ങുന്നവൻ തൻെറ സകല ശ്രമവും ചിലവഴിച്ച ശേഷം "കിട്ടിയാൽ കിട്ടി, അല്ലെങ്കിൽ ഉള്ളതും പോ

യി'' എന്ന ''തലവിധിക്കം'' വിട്ടുകയുമാണ് ഇതിന്റെ അർത്ഥം. ഇങ്ങിനെ പലിശയെ ന്യായീകരിക്കുവാൻ പല നിർവ്വചനങ്ങളും അർത്ഥശാസ്ത്ര ഗ്രന്ഥങ്ങളിൽ കാണാം. ഇത്രയധികം നിർവ്വചനങ്ങൾ വേണ്ടിവരുന്നതുതന്നെ ഇതൊരു നേരായ കാര്യമല്ല എന്നതിനു തെളിവാണ്. പലിശ ഇന്നു സാമ്പത്തിക സംവിധാനത്തിൽ വളരെയധികം അലിഞ്ഞു ചേർന്നിട്ടുള്ള ഒരു യാഥാർത്ഥ്യമാണ്. പക്ഷെ അത് തികച്ചും ചൂഷണമാണുതാനും. സന്മാർഗ്ഗ മൂല്യങ്ങളെ വ്യഭിചരിക്കാത്ത ഒരു നിർവ്വചനം അതിനു നല്കുക സാധ്യമല്ല.

### ഖുർആനിക വീക്ഷണം

അതുകൊണ്ടുതന്നെയാണ് ഇസ്ലാം പലിശയെ നിഷിദ്ധമാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ ഇസ്ലാം യാതൊരു ഒളിച്ചുകളിക്കും ഇടം നല്കിയിട്ടില്ല. വിശുദ്ധ ഖുർആൻ പലിശയെ പററി കല്പിക്കുന്നതു നോക്കുക:

اَلَّذِينَ يَأْكُلُونَ الرِّبَا لَا يَقُومُونَ إِلَّا كَمَا يَقُومُ
الَّذِي يَتَخَبَّطُهُ الشَّيْطَانُ مِنَ الْمَسِّ ذَٰلِكَ بِأَنَّهُمْ
قَالُوا إِنَّمَا الْبَيْعُ مِثْلُ الرِّبَوا وَأَحَلَّ اللَّهُ الْبَيْعَ
وَحَرَّمَ الرِّبَوا فَمَنْ جَاءَهُ مَوْعِظَةٌ مِنْ رَبِّهِ
فَانْتَهَىٰ فَلَهُ مَا سَلَفَ وَأَمْرُهُ إِلَى اللَّهِ وَمَنْ عَادَ
فَأُولَٰئِكَ أَصْحَابُ النَّارِ هُمْ فِيهَا خَالِدُونَ ۞ يَمْحَقُ

اللهُ الربٰوا وَيُربِى الصَّدَقَاتِ وَاللهُ لا يُحِبُّ كُلَّ

كَفَّارٍ أَثِيمٍ (٢: ٢٧٥-٧٦)

"പലിശ തിന്നുന്നവർ, പിശാച് തന്റെ സ്പർശനം മൂലം ആഘാതമേല്പിച്ച ഒരുവൻ നില്ക്കുന്നതുപോലെയല്ലാതെ നില്ക്കുകയില്ല. അതെന്തുകൊണ്ടെന്നാൽ, അവർ പറയുന്നു: 'വ്യാപാരം പലിശയെ പോലെ മാത്രമാണ്'. എന്നാൽ അല്ലാഹു വ്യാപാരത്തെ അനുവദിക്കുകയും പലിശയെ നിരോധിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ തന്റെ രക്ഷിതാവിൽനിന്നും ഉപദേശം ഒരുവനു വന്നുകിട്ടുകയും, അങ്ങിനെ അവൻ വിരമിക്കുകയും ചെയ്തുവെങ്കിൽ, കഴിഞ്ഞുപോയതു അവനുള്ളതാണ്. അവന്റെ കാര്യം അല്ലാഹുവിങ്കലത്രെ; എന്നാൽ ആരു് (പലിശയിലേക്ക്) മടങ്ങുന്നുവോ അപ്പോൾ അവർ നരകാഗ്നിയുടെ കൂട്ടക്കാരാണ്. അവർ അതിൽ പാർക്കും. അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പുഷ്ടിപ്പെടുത്തുകയും ചെയ്യും. നന്ദികെട്ട യാതൊരു മഹാ പാപിയേയും അല്ലാഹു സ്നേഹിക്കുകയില്ല. (വി. ഖു. 2: 275_276)

വീണ്ടും ഖുർആൻ കൾശനമായ നിലയിൽ കല്പിക്കുന്നു:

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَذَرُوا مَا بَقِيَ مِنَ

الرِّبٰوا إِنْ كُنْتُمْ مُؤْمِنِينَ ۞ فَإِنْ لَمْ تَفْعَلُوا

فَأْذَنُوا بِحَرْبٍ مِنَ اللهِ وَرَسُولِهِ وَإِنْ تُبْتُمْ فَلَكُمْ

رُؤُوسُ أَمْوَالِكُمْ لَا تَظْلِمُونَ وَلَا تُظْلَمُونَ ۞

وَإِنْ كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَى مَيْسَرَةٍ وَأَنْ
تَصَدَّقُوا خَيْرٌ لَكُمْ إِنْ كُنْتُمْ تَعْلَمُونَ (٢: ٢٧٨-٨٠)

"അല്ലയോ വിശ്വാസികളെ! അല്ലാഹുവിനെ ഭയപ്പെടുക. പലിശയിനത്തിൽ ബാക്കിയുള്ളതു വിട്ടുകളയുകയും ചെയ്യുക — നിങ്ങൾ വിശ്വാസികളാണെങ്കിൽ. എന്നാൽ നിങ്ങൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അപ്പോൾ അല്ലാഹുവിലും അവൻെറ റസൂലിലും നിന്നുള്ള യുദ്ധ പ്രഖ്യാപനം കേട്ടുകൊള്ളുക. എന്നാൽ നിങ്ങൾ (പശ്ചാത്തപിച്ച്) മടങ്ങുന്നുവെങ്കിൽ, അപ്പോൾ നിങ്ങളുടെ മുടക്കമുതലുകൾ നിങ്ങൾക്കുള്ളതാണ്. നിങ്ങൾ തെററു ചെയ്യരുത്; നിങ്ങളോടും തെററു ചെയ്യപ്പെടുകയില്ല. കടം വാങ്ങിയവൻ പ്രയാസത്തിലായിരുന്നാൽ അപ്പോൾ ആശ്വാസം കൈവരുന്നതുവരെ (അവനു) ഇളവ് (കൊടുക്കുക); എന്നാൽ നിങ്ങൾ ദാനമായി വിട്ടുകൊടുക്കുന്നതാണ് നിങ്ങൾക്കു ഏററവും ഉത്തമം. നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ!
(വി: ഖു: 2: 278-280)

ഇസ്ലാമിൻെറ ആവിർഭാവത്തിനു മുമ്പ് അറേബ്യയിൽ കൂട്ടു പലിശ സർവ്വസാധാരണമായിരുന്നു. വിശുദ്ധ ഖുർആൻ അതിനെ അർത്ഥശങ്കക്കിടയില്ലാത്ത വിധം നിരോധിച്ചു:

يَا أَيُّهَا الَّذِينَ آمَنُوا لَا تَأْكُلُوا الرِّبَوا أَضْعَافًا
مُضَاعَفَةً وَاتَّقُوا اللَّهَ لَعَلَّكُمْ تُفْلِحُونَ

"അല്ലയോ വിശ്വാസികളെ ഇരട്ടിക്കിരട്ടിയാക്കപ്പെട്ടു ഇരട്ടികളായി പെരുകുന്ന പലിശ നിങ്ങൾ തിന്നരുത്.

അല്ലാഹുവിനെ നിങ്ങൾ ഭയപ്പെടുവിൻ. നിങ്ങൾ അഭിവൃദ്ധിപ്പെടുന്നതിനു വേണ്ടി (വി: ഖു: 3: 130)

പലിശ സാമ്പത്തിക നിലവാരത്തെ ഉയർത്തുകയല്ല, നേരെ മറിച്ച് വ്യക്തമായ നാശത്തിലേക്കാണ് സമുദായത്തെ വലിച്ചിഴക്കുകയെന്ന് വിശുദ്ധ ഖുർആൻ ഉൽബോധിക്കുന്നു:

فَبِظُلْمٍ مِنَ الَّذِينَ هَادُوا حَرَّمْنَا عَلَيْهِمْ طَيِّبَاتٍ
أُحِلَّتْ لَهُمْ وَبِصَدِّهِمْ عَنْ سَبِيلِ اللَّهِ كَثِيرًا
وَأَخْذِهِمُ الرِّبَا وَقَدْ نُهُوا عَنْهُ وَأَكْلِهِمْ أَمْوَالَ
النَّاسِ بِالْبَاطِلِ وَأَعْتَدْنَا لِلْكَافِرِينَ مِنْهُمْ
عَذَابًا أَلِيمًا (٤: ١٦٠-١٦١)

“അങ്ങനെ യഹൂദന്മാരിലുള്ള അക്രമം കാരണം അവർക്കനുവദിക്കപ്പെട്ടിരുന്ന നല്ല വസ്തുക്കൾ നാം അവർക്ക് നിഷിദ്ധമാക്കി—അധികമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും അവരുടെ തടസ്സപ്പെടുത്തൽ കാരണമായും. അവരുടെ പലിശ വാങ്ങൽ കാരണമായും—അതവർക്ക് വിലക്കപ്പെട്ടിരുന്നതാണും—ജനങ്ങളുടെ മുതലുകളെ അന്യായത്തിലുള്ള അവരുടെ തീററി കാരണമായും. അവരിൽ പെട്ട അവിശ്വാസികൾക്ക് വേദനയുററ ശിക്ഷ നാം ഒരുക്കിയിട്ടുമുണ്ട്. (വി. ഖു. 4: 160-161)

വീണ്ടും പലിശയേയും ദാനധർമ്മങ്ങളെയും താരതമ്യപ്പെടുത്തിക്കൊണ്ട് കല്പിക്കുന്നതു നോക്കുക:

وَمَا آتَيْتُمْ مِنْ رِبًا لِيَرْبُوا فِي أَمْوَالِ النَّاسِ فَلَا يَرْبُوا عِنْدَ اللَّهِ وَمَا آتَيْتُمْ مِنْ زَكَوٰةٍ تُرِيدُونَ وَجْهَ اللَّهِ فَأُولَٰئِكَ هُمُ الْمُضْعِفُونَ (٣٠: ٣٩)

"ആളുകളുടെ മുതലുകളിൽ കൂടി പെരുകുവാനായി പലിശയായി നിങ്ങൾ നല്കുന്നത് എന്തും അല്ലാഹുവിങ്കൽ പെരുകുന്നില്ല; അല്ലാഹുവിന്റെ വദനത്തെ കാംക്ഷിച്ചു കൊണ്ട് സകാത്തിൽനിന്നും നിങ്ങൾ കൊടുക്കുന്നത് എന്തും—അപ്പോൾ അവർക്കു തന്നെയാണ് പലമടങ്ങ് പെരുകിക്കൊള്ളുന്നത്. (വി. ഖു. 30: 39)

ഹദീസ് ശരീഫിലും എത്രഎത്രയോ സൂക്തങ്ങൾ പലിശയെ നിരോധിക്കുകയും അതിന്റെ ദോഷഫലങ്ങളെ വ്യക്തമാക്കുകയും ചെയ്യുന്നതായുണ്ട്. വ്യാപാര ഇടപാടുകളിൽ പരോക്ഷമായി പലിശ —അതായത് ചൂഷണസാധ്യതയുള്ള ലാഭം— നുഴഞ്ഞുകയറുന്നതിനെ ചൂണ്ടിക്കാണിക്കുന്ന അനേകം ഹദീസുകൾ വേറെയും ഉണ്ട്.

## അറബികൾ നടത്തിയിരുന്ന പലിശയിടപാട്

വിശുദ്ധ ഖുർആനിൽ പലിശയെ സൂചിപ്പിച്ചു വന്നിട്ടുള്ള എല്ലാ ആയത്തുകളിലും "രിബാ" എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിന്റെ മൂലാർത്ഥം "ഒരു സാധനത്തിലുള്ള ഏറി വരൽ" എന്നാണ്. വായ്പ മടക്കിക്കൊടുക്കുമ്പോൾ "ജാസ്തിയായി കൊടുക്കുന്ന ലാഭ"

സംഖ്യയെ കുറിക്കുവാനായിരുന്നു അറബികൾ ഈ പദം ഉപയോഗിച്ചത്. ഈ ആയത്തുകൾ അവതരിച്ച കാലഘട്ടത്തിൽ പലതരം പലിശയേർപ്പാടുകളും നടപ്പിലുണ്ടായിരുന്നു. മുഖ്യമായ ചിലയിനങ്ങൾ താഴെ കൊടുക്കാം:—

(i) ഒരാൾ മറെറാരാൾക്ക് ഒരു സാധനം വില്ക്കുകയും, അതിൻെറ വില അപ്പോൾ തന്നെ കൊടുക്കാതെ മറെറാരവസരത്തിൽ കൊടുക്കുവാൻ നിശ്ചയിക്കുകയും ചെയ്യുന്നു. പറഞ്ഞ അവധിക്കു പണം കൊടുക്കുവാൻ സാധിക്കാതെ വരുമ്പോൾ, അവധി നീട്ടുകയും സംഖ്യ അല്പം ജാസ്തിയാക്കുകയും ചെയ്യുന്നു.

(ii) ഒരാൾ മറെറാരാൾക്കു ഒരു സംഖ്യ വായ്പ നൽകുന്നു. നിശ്ചിതാവധിക്കു മടക്കിക്കൊടുമ്പോൾ അല്പം പലിശയും ചേർത്തു കൊടുക്കുന്നു.

(iii) പണമിടവാടുകൾ നടത്തുന്ന പാർട്ടികൾ ക്ലിപ്ത സമയവും പലിശയും നിശ്ചയിക്കുന്നു. അവധി കഴിഞ്ഞാൽ പലിശ ഇരട്ടിക്കുകയും, മറെറാരവധി നിശ്ചയിക്കുകയും, അങ്ങിനെ പടിപടിയായി കൂട്ട പലിശ കൂടിവരികയും ചെയ്യുന്നു.

(iv) വിവിധ ഗുണങ്ങളുള്ള ഒരേ സാധനം, വിവിധ സാധനങ്ങൾ ഇവ അന്യോന്യം കൈമാറുമ്പോൾ, അവധിക്കച്ചവടം നടത്തുമ്പോൾ, മുൻകൂറായി പാട്ടം നിശ്ചയിക്കുമ്പോൾ, ഊഹക്കച്ചവടം നടത്തുമ്പോൾ—ഇങ്ങിനെ പലതിലും പരോക്ഷമായ പലിശ ഏർപ്പാടുകൾ നടത്തുന്നു.

ഖുർആൻ മുഫസ്സിറുകളായ ത്വബരീ, സമഖ്ശരീ, സുയൂത്വീ, ബൈളാവി, ഇബ്നു അറബി (റ) മുതലായ എല്ലാ പണ്ഡിതന്മാരും പലിശയുടെ നിയമവശം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇമാം റാസി (റ) അതിൻെറ നിയമവശത്തിനു പുറമെ, സാമ്പത്തികവശവും പരാമർശിച്ചിരിക്കുന്നു. പലിശയുടെ എല്ലാ വശങ്ങളെക്കുറിച്ചും, വകഭേദങ്ങളെക്കുറിച്ചും അറബികൾക്ക വ്യക്തമായ ധാരണയുണ്ടായിരുന്നു. പണമിടപാടുകളിലുള്ള "രിബാ നസിയ്യയും", വ്യാപാര സാധനങ്ങളുടെ കൈമാററത്തിൽ കടന്നുകൂടുന്ന "രിബാ ഫള്ലും" നിഷിദ്ധമായി കല്പിച്ചതിൽ യാതൊരാശയക്കുഴപ്പവുമില്ല. മുന്തിയ ഗോതമ്പിനു പകരം താഴ്ന്ന തരം ഗോതമ്പ് ജാസ്തിയായി വാങ്ങുമ്പോൾ, ഒരു ദിവസം കൊടുക്കുന്ന സാധനത്തിനു പകരം മറെറാരു സാധനം അപ്പോൾ തന്നെ കൈമാറാതെ മറെറാരവസരത്തിൽ കൊടുക്കുവാൻ നിശ്ചയിക്കുമ്പോൾ–ഇങ്ങനെ പലതിലും ചൂഷണം കടന്നുകൂടും. ഏതു പ്രകാരമായാലും പലിശ വാങ്ങുന്ന ആൾ, ഇമാം റാസീ(റ)യുടെ അഭിപ്രായത്തിൽ, മറെറാരാളുടെ സ്വത്ത് ശരിയായ കാരണം കൂടാതെ കൈവശപ്പെടുത്തുകയാണ്; ഇതു ചൂഷണമാണ്. ഈ പണം കൊണ്ട് വ്യാപാരമോ മറേറാ ചെയ്താൽ എപ്പോഴും ലാഭം കിട്ടിക്കൊള്ളണമെന്നില്ല എന്നതാണ് നാം ഓർക്കേണ്ടതു്. പലിശ പണക്കാരനെ അലസനും ഉപയോഗശൂന്യനുമാക്കുന്നു. പണമുള്ളവൻ കച്ചവടവും കൈത്തൊഴിലുകളും ഏറ്റെടുത്തുന്നതാണ് സമുദായത്തിനു നല്ലത്. പലിശ നിരോധം വ്യക്തികളുടെയും സമുദായത്തിൻെറയും സാമ്പത്തിക ഭദ്രത നിലനിർത്തുവാനും, ആത്മാഭിമാനം കാത്തു സൂക്ഷിക്കുവാനും സഹായകമാണ്. പണക്കാർ അലസരാകുന്നതുപോലെ തന്നെ, സാധുക്കൾ കണ്ടമാനം കടമെടുത്ത് ധൂർത്തടിച്ചു നശിക്കുന്നതിനും പ

ലിശ വഴി തെളിയിക്കും. പണക്കാർ കൂടുതൽ പണക്കാരും
സാധുക്കൾ കൂടുതൽ സാധുക്കളും ആകുവാനും, പണക്കാർ
തന്നെ സാവധാനത്തിൽ ദരിദ്രരായി പോകുവാനുമെ
ല്ലാം പലിശ കാരണമായേക്കും. ഏതായാലും പലിശ
സർവ്വത്ര നടപ്പിലുള്ള ഒരു സമുദായത്തിൽ മമത, സ്നേഹം,
പരസ്പര സഹായം, ത്യാഗശീലം, വ്യവസായ തല്പരത,
ഉത്സാഹശീലം, സ്വാശ്രയം മുതലായ ഗുണങ്ങൾ വള
രുക വളരെ പ്രയാസമാണ്. ഇതിനെല്ലാം പുറമെ,
എല്ലാമെല്ലാമറിയുന്ന അല്ലാഹു പലിശ നിഷിദ്ധമാക്കി
യതിൽ ഇനിയുമെന്തെല്ലാം രഹസ്യങ്ങളാണ് അടങ്ങി
യിട്ടുള്ളതെന്നു നമുക്കു തീർത്തു പറയുവാൻ നിവൃത്തി
യില്ല. പലിശയിൽ ശൈത്വാനിയത്ത്—പൈശാചിക
ത്വം—ഉണ്ടെന്നുള്ളതു് തീർച്ചയാണ്.

മറ്റൊരു വാദം പണ്ടുതന്നെ പൊന്തിവന്നതു വിശുദ്ധ
ഖുർആൻ നിരോധിച്ചതു അമിതപ്പലിശ (Usury) യേയും,
കൂട്ടുപലിശ (Compound interest) യേയുമാണെന്നാണ്.
ഒന്നാമതു മിതവും അമിതവും തമ്മിൽ വേർതിരിക്കുന്ന
രേഖ എവിടെയാണ് വരയേണ്ടതു്? ഗവൺമെണ്ടു നിയന്ത്ര
ണത്തിൽ തന്നെ ഒന്നു മുതൽ പതിനഞ്ചു ശതമാനം വരെ
യും അധികവും പലിശ നടപ്പിലുണ്ട്. അമിതമെന്നു നിശ്ച
യിക്കേണ്ടതു ആരാണ്? എന്താണതിന്റെ മാനദണ്ഡം? പൂജ്യം
ശതമാനത്തിൽ കവിഞ്ഞതെല്ലാം അമിതം തന്നെയാ
ണെന്നാണ് ഇസ്ലാമിന്റെ വിധി.

لَا تَأْكُلُوا الرِّبٰوا أَضْعَافًا مُضَاعَفَةً

"ഇരട്ടിക്കിരട്ടിയാക്കപ്പെട്ടു ഇരട്ടിയാകുന്ന പലിശ നി
ങ്ങൾ തിന്നരുതു്" (വി. ഖു. 3: 130) എന്നതു കൂട്ടുപലിശ
(Compound interest) യെ ഉദ്ദേശിച്ചായതുകൊണ്ടു കൂട്ടുപ

ലിശയെ മാത്രമാണ് ഖുർആൻ നിരോധിക്കുന്നത് എന്ന ഒരു വാദമുണ്ട്. അതിലും യാതൊരു കഴമ്പുമില്ല. മദ്യ പാനം പോലെ സമൂഹത്തിൽ വേരുറച്ചു പോയിരുന്ന ഒരു ദോഷമായിരുന്നു പലിശ. റസൂൽ കരീം (സ) മദ്യ പാനം മൂന്നു ദശകളിലായി നിർത്തലാക്കിയതുപോലെ, പലിശയും മൂന്നു ദശകളിലായി നിരോധിച്ചു. ഒന്നാമ തായി പലിശ വാങ്ങുന്നതു ചീത്തയാണെന്നു പറഞ്ഞ് (വി. ഖു. 4: 160) അതിൻെറ നേരെ വെറുപ്പ് സൃഷ്ടിച്ചു. പിന്നീട് കൂട്ടു പലിശ (വി. ഖു. 3: 125) നിഷിദ്ധമാക്കി. അങ്ങിനെ വിപ്ലവകരമായ ഒരു പരിഷ്കാരത്തിനു സമു ദായം തയ്യാറായിക്കഴിഞ്ഞപ്പോൾ എല്ലാവിധ പലിശ യും ഉന്മൂലം നിഷിദ്ധമാക്കി. (വി. ഖു. 2: 275)

## പലിശയും കച്ചവടവും

"പലിശയും കച്ചവടവും തമ്മിലെന്താണ് വ്യത്യാ സം? പലിശയെ നിരോധിക്കുകയും വാണിജ്യം പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുന്നതിലുള്ള ന്യായമെന്ത്? പലിശ നഷ്ടവും, ദാനധർമ്മങ്ങൾ ലാഭവുമുണ്ടാക്കുന്നതെങ്ങിനെ?" ഇതെല്ലാം റസൂൽ കരീം (സ) തിരുമേനിയുടെ കാലത്തു തന്നെ ഉന്നയിക്കപ്പെട്ട സംശയങ്ങളാണ്. വ്യക്തിയുടെ നന്മ സമുദായത്തിനും, സമുദായത്തിൻെറ പൊതുവായ നന്മ വ്യക്തിക്കും എങ്ങിനെ ഗുണകരമായിത്തീരുന്നുവെന്ന വിശാലാടിസ്ഥാനത്തിൽ ചിന്തിച്ചുനോക്കിയാൽ ഇതി ലെല്ലാം അടങ്ങിയിരിക്കുന്ന തത്വങ്ങളും ശാശ്വത മൂല്യങ്ങ ളും വ്യക്തമാകും. മൂക്കിനു താഴെയല്ലാതെ അപ്പുറം നമ്മു ടെ ചിന്തയും കാഴ്ചപ്പാടും എത്തുന്നില്ലയെന്നതാണ് ദുഃഖക രം. വാണിജ്യം സേവനമാണ്; പലിശ ചൂഷണവും. വാണിജ്യം ചൂഷണത്തിലേക്ക് നീങ്ങുമ്പോൾ പലിശ

ISLAMIC CENTRE LIBRARY

യാകുന്നു. പലിശ സേവനത്തിലേക്ക് തിരിക്കുകയെന്ന ത് അസാധ്യമാണുതാനും. വാണിജ്യവും പലിശയും തമ്മി ലുള്ള ചില വ്യത്യാസങ്ങളെ അല്ലാമാ മൗദൂദി വിശദീക രിച്ചിട്ടുള്ളതിൻെറ ഒരു ചുരുക്കം ഇവിടെ കൊടുക്കാം: (i) വാണിജ്യത്തിൽ വിൽക്കുന്നവനും വാങ്ങുന്നവനും സമത്വാ ടിസ്ഥാനത്തിൽ ഇടപാട് നടത്തുന്നു. രണ്ടു പേക്കും പ്ര യോജനം ലഭിക്കുന്നു. ആത്മാഭിമാനം നിലനിറുത്തിക്കൊ ണ്ടുള്ള പരസ്പര സഹായമാണിത്. പലിശയിടപാടിൽ വാങ്ങുന്നവൻ ആവശ്യക്കാരനും കൊടുക്കുന്നവൻ ഏറെക്കു റെ ചൂഷകനുമാണ്. കൊടുക്കുന്നവനു എല്ലാതരം ഉറപ്പുക ളും ലഭിക്കുന്നു; ലാഭവും. വാങ്ങുന്നവനു ലാഭമുണ്ടാകാനിട യുണ്ട്; നഷ്ടമുണ്ടാകാനും. (ii) വ്യാപാരം ബന്ധപ്പെട്ട ഇ ടപാടോടുകൂടെ അവസാനിക്കുന്നു. വാങ്ങുന്നവൻ അവനു കിട്ടിയ സാധനത്തിൻെറ വില കൊടുക്കുന്നതോടൊപ്പം ആ കരാർ പൂർത്തിയായി. പലിശയിടപാട് മിക്കപ്പോ ഴും അങ്ങിനെ തീരുന്നില്ല. കാലം കഴിയുംതോറും പലി ശ ഏറിയേറി വരുന്നു. ചിലപ്പോഴും കടക്കാരൻെറ സ മ്പാദ്യം മുഴുവൻ നശിച്ചെന്നും വരാം. (iii) വീടോ നില മോ മറേറാ വാടകക്ക് എടുക്കുന്നതായാൽ ആ സാധനം അങ്ങിനെതന്നെ നിൽക്കുന്നു. അതിൻെറ ഉപയോഗത്തി നും തേമാനത്തിനുമാണ് വാടക. സ്വത്തിൻെറ വില ഏ റുകയോ കുറയുകയോ ചെയ്യുന്നതിൽ ഈ ഇടപാടുകാർക്ക് പങ്കില്ല. വായ്പ വാങ്ങുന്ന പണം അങ്ങിനെയല്ല. ആ പ ണംതന്നെ ചിലവഴിക്കുകയാണ്. അതു മടങ്ങി വന്നാലും ഇല്ലെങ്കിലും അത് മുഴുവൻ പലിശയോടൊപ്പം മടക്കി ക്കൊടുക്കണം. പണത്തിൻെറ ഉപയോഗം ലാഭത്തിൽ ക ലാശിച്ചാൽ, വാങ്ങിയവന്ന് അല്പം ലാഭം ലഭിക്കുന്നു; ന ഷ്ടമായെങ്കിൽ ഇരട്ടി നഷ്ടവും. (iv) വ്യാപാര വ്യവസാ

യങ്ങളിൽ മനുഷ്യൻ തന്റെ സാമർത്ഥ്യവും, അദ്ധ്വാനവും ചിലവഴിക്കുന്നു. അതിന്ന പ്രതിഫലം ഉണ്ടാകേണ്ടതു് ന്യായമാണ്. എന്നാലും ചിലപ്പോൾ നഷ്ടം സംഭവിക്കുന്നു. പലിശയേർപ്പാടിൽ പണക്കാരൻ അദ്ധ്വാനിക്കുകയോ എന്തെങ്കിലും സാമർത്ഥ്യം ഉപയോഗിക്കുകയോ ചെയ്യുന്നില്ല. (V) വ്യാപാരം പുരോഗമനപരമായ പരിശ്രമവും സേവനവുമാണ്; പലിശയാകട്ടെ മുച്ചൂടും ചൂഷണവും. അതു് സമ്പദ് വ്യവസ്ഥയെ താറുമാറാക്കുന്നു. വ്യാപാരം പരസ്പരസഹായം, ഐകമത്യം, സ്നേഹം, പുരോഗമനം എന്നീ മഹത് ഗുണങ്ങളെ വളർത്തിയെടുക്കുന്നു; പലിശ, ലുബ്ധ്, സ്വാർത്ഥം, ഹൃദയകാഠിന്യം മുതലായ ദുർഗ്ഗുണങ്ങളേയും. ആദ്യത്തേതു് മനുഷ്യത്വത്തിന്റെ, സംസ്കാരത്തിന്റെ, തൌഹീദിന്റെ പ്രതീകമാണ്; മറേറതു് പണത്തെ പൂജിക്കലാണ്; കട്ടത്ത ശിർക്കും.

പലിശ നിഷിദ്ധമാക്കിയതു് അതിൽ ചൂഷണം അടങ്ങിയിരിക്കുന്നതുകൊണ്ടാണ്. കച്ചവടയിടപാടുകളിലും ചൂഷണം പല പഴുതുകളും കണ്ടുപിടിക്കും. അതെല്ലാം നിഷിദ്ധംതന്നെയാണ്. ചൂഷണത്തിന്റെ സകല കവാടങ്ങളും അടച്ചിടേണ്ടതിന്ന നിരവധി നിർദ്ദേശങ്ങളും നിബന്ധനകളും വിശുദ്ധ ഖുർആനിലും ഹദീസ് ശരീഫിലും കാണാം. മതത്തെ ഒരു പിടി ആരാധനമുറകളിൽ ഒതുക്കി നിർത്തുകയും, മനുഷ്യ ജീവിതത്തിന്റെ എല്ലാ തുറകളേയും സാരമായി ബാധിക്കുന്ന സമ്പദ് വ്യവസ്ഥകളെ അതിൽനിന്നു അടർത്തിയെടുക്കുകയും ചെയ്തതോടെ വ്യാപാരത്തിലുള്ള ധാർമ്മിക മര്യാദകൾ ഒന്നൊന്നായി കൊല ചെയ്യപ്പെടുകയും, അതോടെ വ്യാപാരം തന്നെ വാസ്തവത്തിൽ നാശമടയുകയും ചെയ്തിരിക്കുകയാണ്. ഒരു കാല

ത്തക് സത്യസന്ധത, വിശ്വസ്തത, സാമർത്ഥ്യം മുതലായ ഗു ണങ്ങൾക്ക് പേരെടുത്ത മുസ്ലിം വ്യാപാരികൾ ഇന്നു മാന വും വീര്യവുമില്ലാത്തവരായി വിശ്വസിക്കുവാൻ കൊള്ളാ ത്തവരായിത്തീർന്നിരിക്കുന്നു. കച്ചവടത്തിൽ "ബർക്കത്ത്" പിന്നെ എവിടെനിന്ന് വരാനാണ്? ധനപരമായ എല്ലാ ഇടപാടുകളും കൃത്യമായും സത്യമായും എഴുതിവെക്കണ മെന്നു വിശുദ്ധ ഖുർആൻ (2: 282-283) വ്യക്തമായി നി ർദ്ദേശിച്ചിട്ടുണ്ട്. ആസാമികളേയും സർക്കാരിനേയും തോ ല്പിക്കുവാനെന്നപേരിൽ ഇന്നു നടക്കുന്ന കള്ളക്കണക്കുകളും ആധാരമില്ലാത്ത കരാറുകളും എന്തെല്ലാം വിനകളാണ് വരുത്തിവെക്കുന്നത്! അവധിക്കച്ചവടവും ഊഹക്കച്ചവട വും നിഷിദ്ധമാണ്. ഏതെങ്കിലും ഒരു സാട്ടബസാറി ൻെറ വരാന്തയിൽ ചെന്നു അല്പനേരം ശ്രദ്ധിച്ചു നോക്കി യാൽ കാണാം ഇതിലടങ്ങിയിരിക്കുന്ന ആപത്തുകൾ. വെറും ചാൻസിൻെറ—ഭാഗ്യമെന്നാണ് പറയുന്നത്!—അ ടിസ്ഥാനത്തിൽ എത്രയെത്ര വ്യക്തികളും കുടുംബങ്ങളും ഇ തിൽ താറുമാറായി നശിക്കുന്നു. നിലം വാടകക്ക് കൊ ടുക്കാം; പക്ഷെ വിളവുകൾ ഊഹത്തിന്മേൽ പാട്ടത്തിന്നു കൊടുത്തുകൂട. കൈവശമില്ലാത്ത ചരക്കുകളിന്മേൽ വ്യാ പാര ഇടപാടുകൾ അരുത്. ഇങ്ങിനെ മനുഷ്യൻെറ വ്യ ക്തി മാഹാത്മ്യത്തെയും പരിശുദ്ധതയെയും നിലനിറുത്തു കയും പോഷിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ വ്യാപാ രം ചെയ്യുന്നത് ഒരു പുണ്യകർമ്മം തന്നെയാണ്.

## ഖാറൂൻ തല ഉയർത്തി നില്ക്കുന്നു

തമ്മുടെ ഇടയിലുള്ള ആധുനികത്വവാദികളുടെയും, സമുദായത്തിൻെറ സാമ്പത്തികോന്നമനം ആധുനിക രീ തിയിലുള്ള ബേങ്കിങ്ങും വ്യവസായവൽക്കരണവും കൊ

ണ്ട് എളുപ്പം സാധിച്ചേക്കാമെന്നു ആശിക്കുന്ന ശ്രദ്ധാത്മാക്കളുടെയും അഭിപ്രായം ഇങ്ങിനെയാണ്: "അന്നു ആടുകളെ മേച്ചും കൃഷി ചെയ്യും മന്ദഗതിയിലുള്ള കച്ചവടങ്ങൾ നടത്തിയും പോന്ന സാമ്പത്തിക സംവിധാനം ഇന്നത്തെ യന്ത്രവൽകൃതമായ, അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന സംവിധാനവുമായി പൊരുത്തപ്പെടുകയില്ല. ബേങ്കിംഗ് ഇന്നു് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. അതിലെ പലിശ സാധാരണ പലിശപോലെ കരുതേണ്ടതില്ല." ഇതു ബേങ്കിങ്ങിനെപ്പററിയുള്ള ഭീമമായ തെററിദ്ധാരണയുടെയും, ഇന്നത്തെ സാമ്പത്തിക വ്യവസ്ഥ കുററമററതാണെന്ന മുൻവിധിയുടെയും ഫലം മാത്രമാണ്. ഇന്നത്തെ ബേങ്കും, അന്നും ഇന്നും നാടെങ്ങുമുള്ള പൈലോക്കും തമ്മിൽ ഫലത്തിൽ യാതൊരു വ്യത്യാസവുമില്ല, ആധുനിക യുഗത്തിലെ ശാസ്ത്രജ്ഞാനം, അതിൽനിന്നുളവാകുന്ന വികസനങ്ങൾ, സുഖസൌകര്യങ്ങൾ ഇതെല്ലാം വകവെച്ചുകൊടുക്കുന്നതിനു വിരോധമില്ല. മാത്രമല്ല, ഇസ്ലാമാണ് ഈ നാഗരികതക്കെല്ലാം വിത്തു പാകിയത്. ഇതിൻെറ എല്ലാ നല്ല വശങ്ങളേയും മുസ്ലിംകൾ സ്വാഗതം ചെയ്യുന്നു. എന്നാൽ നല്ലതല്ലാത്ത പലതും ഈ നാഗരികതയിൽ കടന്നു കൂടിയിട്ടുണ്ട്. വ്യവസായ വിപ്ലവം അനാശാസ്യവും ആപൽകരവുമായ പല പ്രവണതകളേയും വളർത്തിയിട്ടുണ്ട്. സാമ്രാജ്യ്ത്തിക നിലവാരം പല നിലയിലും താറുമാറായിരിക്കുന്നു. ഇതിൻെറയെല്ലാം കാരണം പണത്തെ ദൈവമാക്കിവെച്ച് പൂജിക്കുന്ന ഒരു വർഗ്ഗമായി മനുഷ്യസമുദായം മാറിയതാണ്. മനുഷ്യൻ വെറും ഒരു യന്ത്രമായിത്തീന്നിരിക്കുന്നു. ജീവിതം മുഴുവൻ യന്ത്രമയമായി – Machanical– ത്തീന്നിരിക്കുന്നു. രാജാധിപത്യവും പൌരോഹിത്യവും തിരോധാനം ചെയ്തുവെന്നത് ഒരളവോളം സത്യമാണു്, നല്ലതാണ്. പക്ഷെ,

സമ്പത്തിൻെറ ആധിപത്യം പൂവ്വാധികം ശക്തിയോടെ കൊടികുത്തി വാഴുകയാണ്. ഫിർഔനും ഹാമാനും മുങ്ങി മരിച്ചു. എന്നാൽ ഖാറൂൻ തല ഉയത്തിപ്പിടിച്ചു സൈ്വര സഞ്ചാരം ചെയ്യുകയാണ്. ഇസ്ലാം വെട്ടിമുറിച്ച ചങ്ങല കളിൽ ചിലതെല്ലാം അങ്ങിങ്ങായി വീണ്ടും മടങ്ങിവ ന്നിട്ടുണ്ട്. സാമ്പത്തികാടിമത്വമെന്ന മനോമോഹന ശൃം ഖല മനുഷ്യസമുദായത്തെ ആകമാനം കെട്ടിവരിഞ്ഞി രിക്കുന്നു. ഈ ക്രൂരമായ ബന്ധനത്തിനു പിശാച് ഉപ യോഗിച്ച ശക്തിയേറിയ, മിനുസമേറിയ കയരത്രെ പലിശ.

## സർപ്പ വയറന്മാർ

പലിശ എത്ര ഭയങ്കരമായ ഒരു വിപത്താണെന്നു നാം പലപ്പോഴും ചിന്തിക്കുന്നില്ല. തൻെറ മാതാവിൻെറ ചികിത്സക്കോ, പ്രസവിച്ച് അവശതയിൽ കഴിയുന്ന ഭാര്യയുടെ ശുശ്രൂഷക്കോ, വിവാഹപ്രായമായ ഒരു കന്യ കയെ കെട്ടിച്ചയക്കുന്നതിനോ മറേറാ വായ്പ വാങ്ങേ ണ്ടി വരുമ്പോരം നമുക്കെല്ലാം അനുഭവപ്പെട്ടിട്ടുള്ള രണ്ടു ചിത്രങ്ങരം ഓത്തു നോക്കണം. ആപത്തുകാലത്ത് സഹാ യഹസ്തം നീട്ടിവരുന്ന സ്നേഹസമ്പന്നനായ സഹോദര ൻെറ അനുഗ്രഹീതമായ, ദൈവീകമായ മനോഹരചിത്രം ഒന്നു. അനേകം പാവനസ്മരണകളെ ഓമ്മിപ്പിക്കുന്ന, താൻ ജീവനെപ്പോലെ കരുതി സൂക്ഷിക്കുന്ന വിലയേ റിയ ആഭരണങ്ങരം തുഛമായ വായ്പയുടെ ഉറപ്പിനാ യി വാങ്ങിക്കൊണ്ട് ഉരച്ചുരച്ചു മാററ്നോക്കിയും തൂക്കി യും അടിയോടെ മുടിക്കുവാൻ വ്രതമെടുത്തിരിക്കുന്ന ചോ രക്കണ്ണനായ, കുടവയറനായ ഹുണ്ടികക്കാരൻെറ ക്രൂര മായ ചിത്രം മറെറാന്നു. ഇതു് വ്യക്തികളുടെ ദിവസം തോറും ഇടമുറിയാതെ നടന്നുകൊണ്ടിരിക്കുന്ന അനുഭവ

ങ്ങളാണ്. ഇതിൻെറ ഭീകരമായ വളർച്ചയാണ് ഇന്നു സാമൂഹ്യരംഗത്തു് നടമാടുന്നത്. "ഇന്ത്യയിലെ കൃഷ്കൻ കടത്തിൽ ജനിക്കുന്നു, കടത്തിൽ കൂടി ജീവിക്കുന്നു, കടത്തിൽ പെട്ടു മരിക്കുന്നു''വെന്നു ആൎക്കാണ് അറിയാത്തത്? നാം നടത്തുന്ന സാമൂഹ്യ സൎവ്വേകളിലെല്ലാം കാണുന്നത് ബഹുഭൂരിപക്ഷം ജനങ്ങളും കടബാദ്ധ്യതയാൽ ഞെരുങ്ങുന്നവരാണ് എന്നത്രെ. പരലടത്തും മുതലിൻെറ ഇരട്ടിയും, ഇരട്ടിയുടെ ഇരട്ടിയും പലിശ ഒടുക്കിയിട്ടും കടം കടമായിത്തന്നെ ശേഷിക്കുന്ന കഥകൾ കേൾക്കാം. നമ്മുടെ നഗരങ്ങളിലും ഗ്രാമങ്ങളിലും ചെന്നു നോക്കുക. ഏററവും നല്ല കെട്ടിടങ്ങൾ ബേങ്കുകളുടെതും, പലിശയിന്മേൽ വളൎന്നുവരുന്ന "സഹകരണ സംഘങ്ങളുടെ"തും ഹുണ്ടിക വ്യാപാരികളുടേതുമായിരിക്കും. കടം കൊടുക്കുന്ന സൌക്കാരും, ബേങ്കുമെല്ലാം നല്ല കാൎയ്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ, അതിനു സമുദായം കൊടുക്കേണ്ടിവരുന്ന വില കഠിന കഠോരമത്രെ. തൂങ്ങിച്ചാകുന്നവൻെറ കഴുത്തിലെ തൂക്കുകയറിനോടാണ് പലിശയുള്ള കടത്തെ ഒരു മനുഷ്യ സ്നേഹി ഉദാഹരിച്ചതു്. പുരോഗമനത്തിൻെറ പരമകാഷ്ഠ പ്രാപിച്ചുവെന്നു കൊട്ടിഘോഷിക്കുന്ന ഇംഗ്ലണ്ടിലും അമേരിക്കയിലും മററും, കൃത്രിമ ദന്തങ്ങളും കണ്ണടയും സൌജന്യമായി നൽകുന്ന ഈ രാജ്യങ്ങളിൽ പോലും നിത്യാവശ്യങ്ങൾക്കു വേണ്ടി പലിശയില്ലാതെ വായ്പകൊടുപ്പാനുള്ള ഏൎപ്പാടുകൾ ഇല്ല. അങ്ങിനെ കവലകളിലെ ഹുണ്ടികക്കാർ അവിടെയെല്ലാം സ്വൈരം വിഹരിക്കുകയാണ്. അവർ 30മുതൽ 60വരെ ശതമാനം പലിശ വാങ്ങിക്കുന്നു. നമ്മുടെ നാട്ടിൽ നമ്മുടെ സ്നേഹിതന്മാർ എത്ര പേർ നൂറും ഇരുനൂറും ശതമാനം പലിശ വാങ്ങിക്കൊണ്ട് ആപത്തിൽപെട്ടു നരകിക്കുന്ന സാധുജന

ങ്ങളുടെ രക്തം വാർത്തുകുടിക്കുന്നു? "അവരുടെ വയറുകൾ സർപ്പങ്ങൾ നിറഞ്ഞ ഒരു വീടിനു തുല്യമാണ്. സർപ്പങ്ങൾ കുടക്കുടെ വെളിയിലോട്ടു വരുന്നതും കാണാം" എന്നു ഇവരെപ്പററി നബികരീം (സ) അരുളിയതു് എത്ര സത്യം. ഇതു ലോകം മുഴുവൻ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന നഗ്നസത്യമാണ്. വ്യക്തികളും സമൂഹങ്ങളും മാത്രമല്ല, രാഷ്ട്രങ്ങളും കടബാദ്ധ്യതയിലും പലിശയുടെ മുഷ്ടിയിലും പെട്ടു ഉഴലുകയാണ്. നമ്മുടെ നാട്ടിലേക്കു ഒഴുകി വരുന്ന വിദേശ സഹായങ്ങളിൽ മിക്കതും പലിശയുള്ള വായ്പയാണ്. അങ്ങിനെ കൂടി വന്ന പലിശ ഒതുക്കുവാൻ തന്നെ നാം ഇപ്പോൾ പ്രയാസപ്പെടുകയാണ്. ലോകത്തു് ചിലേടങ്ങളിൽ ധാരാളം പണംകെട്ടിക്കിടക്കുന്നു. അതേ സമയം ഒട്ടുമുക്കാൽ രാജ്യങ്ങളും ദാരിദ്ര്യത്തിൽ പെട്ടു കഷ്ടപ്പെടുന്നു. ഈ അവികസിത പ്രദേശങ്ങളിൽ മുതലിറക്കുവാൻ മുതലാളികൾ മെനക്കെടുന്നില്ല. സാധാരണ നിരക്കിലുള്ള ലാഭം കിട്ടുകയില്ലെന്നു അവർ ഭയപ്പെടുന്നു.

## ബൈത്തുൽമാൽ

ദൈനംദിനാവശ്യങ്ങൾക്കും വ്യാപാര വ്യവസായങ്ങൾക്കും ആവശ്യമായ പണം ഉണ്ടാക്കുവാനുള്ള മാർഗ്ഗങ്ങളും ഇസ്ലാം നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യം പറഞ്ഞ ഇനത്തിൽ പെടുന്ന സഹായധനം പൊതു ഭണ്ഡാരത്തിൽ, അതായതു് "ബൈത്തുൽമാലിൽ" നിന്നു് നൽകപ്പെടുന്നു. നിർബ്ബന്ധദാനം (സക്കാത്ത്), മററു ദാനധർമ്മങ്ങൾ, വേറെ വരവുകൾ ഇതെല്ലാം ബൈത്തുൽമാലിൽ ഫണ്ടു രൂപംകൊള്ളുവാൻ സഹായകമാണ്. സാധു ജനങ്ങളുടേയും കടക്കാരുടേയും ബാധ്യതകൾ സത്യസന്ധമായി അന്വേഷിച്ചു് അവ നിവർത്തിക്കേണ്ടതു് ഈ സഹായനിധിയുടെ കടമ

യാണ്. ഇത്തരം സഹായങ്ങൾ ദാനമായിട്ടോ പലിശയില്ലാത്ത കടമായിട്ടോ ആവാം. കടമാണെങ്കിൽ, തക്കതായ ഉറപ്പുകൾ ഉണ്ടായിരിക്കണം. ഇത്തരം ഒരു സഹായനിധി നമ്മുടെ നാട്ടിൽ ഗവൎമ്മെണ്ടിനു എന്തുകൊണ്ട് ഏൎപ്പെടുത്തിക്കൂടാ? ഇതിന്റെ നടത്തിപ്പിനു വേണ്ടിവരുന്ന ചില്ലറ ചിലവ് ഗവൎമ്മെണ്ടിനു തന്നെ വഹിക്കാവുന്നതാണ്. വിദ്യാഭ്യാസം, വൈദ്യസഹായം, ഗതാഗതസൗകൎയ്യങ്ങൾ മുതലായ സേവനങ്ങൾ ഗവൎമ്മെണ്ട് ചെയ്യുന്നതുപോലെ ഈ സേവനവും സംഘടിപ്പിച്ചാൽ മതി. അതും സാധ്യമല്ലെങ്കിൽ ആ ചില്ലറ ചിലവ് വായ്പ വാങ്ങുന്ന പാർട്ടികളിൽനിന്നു് ഈടാക്കുന്നതിന്നും വിരോധമില്ല.

അടുത്തതായി വാണിജ്യ വ്യവസായങ്ങൾക്കാവശ്യമായ മുതൽമുടക്കിനെപ്പറ്റി അന്വേഷിക്കാം. ഇസ്ലാമിക വ്യവസ്ഥ പണം കുന്നുകൂടികിടക്കുന്നതിനെയും, സകലതരം ചൂഷണങ്ങളേയും, കുത്തകകളേയും നിരുത്സാഹപ്പെടുത്തുകയും മിക്കവാറും അസാധ്യമാക്കുകയും ചെയ്യുന്നു. പലിശ നിരോധം, സക്കാത്ത്, അനന്തിരാവകാശ നിയമങ്ങൾ, ഇതെല്ലാം സമ്പത്തിന്റെ നീതിപൂൎണ്ണമായ വിതരണത്തെ സഹായിക്കുന്നു. ഇരിപ്പ് മുതൽ വ്യാപാര വ്യവസായങ്ങളിലേക്ക് തിരിച്ചുവിടുവാൻ മുതലുടമകൾ അഹമഹമികയാ മുന്നോട്ടു വരുന്നു. താനേ വൎദ്ധിക്കുവാൻ നിവൃത്തിയില്ലാത്ത ധനം ഉല്പാദനോന്മുഖമായ ചാലുകളിലേക്കു സ്വമേധയാ ഒഴുകിച്ചെല്ലുന്നു. പ്രവൃത്തി ചെയ്യുവാൻ സൗകൎയ്യമില്ലാത്തവർ വ്യാപാര വ്യവസായങ്ങളിൽ മുതൽ മുടക്കുന്നു. മുതൽ മുടക്കുന്നവൎക്കും ജോലി ചെയ്യുന്നവൎക്കും വിഹിതമായ, നീതിപൂൎവ്വകമായ പങ്കാളിത്വം നിശ്ചയിച്ചുകൊണ്ട് ഇടപാടുകൾ നടത്താം. ഇത്തരം കൂട്ടു പങ്കാളി

ത്വം, അല്ലെങ്കിൽ ലിമിററഡ് കമ്പനികാം സംഘടിപ്പിക്കുന്നത് അനുവദനീയവും പ്രോത്സാഹനാർഹവുമാണ്. ഇങ്ങിനെ പണം മുടക്കുന്നവരും, നിശ്ചിത പലിശയിന്മേൽ പണം കൊടുക്കുന്നവരും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ട്. ആദ്യത്തെ ആാം വ്യാപാരത്തിൻെറ വിജയത്തിൽ അതീവ തല്പരനാണ്. രണ്ടാമത്തെ ഷ്രണ്ടികക്കാരന് അങ്ങിനെയുള്ള നിബ്ബന്ധമൊന്നുമില്ല. സംരംഭം വിജയിച്ചാലും പരാജയപ്പെട്ടാലും മൂപ്പരുടെ "ഒരു കിലോ മാംസം" മൂപ്പർക്ക് ലഭിക്കും. ഗവർമ്മെണ്ട ലെവലിൽ ചെറുകിട വ്യവസായങ്ങാംക്കും കൃഷി വികസനത്തിനും നല്കുന്ന സഹായം പലിശ രഹിതമായാൽ എന്തുമാത്രം അനുഗ്രഹമായിരിക്കും. ഇതു സാധ്യമാണ്; അവശ്യം ആവശ്യമാണ്. ഇതിനെ അപ്രായോഗികമായി ചിത്രീകരിക്കുന്നത് ബാങ്കർമാരുടെ ഒരാവശ്യമാണ്. അതുതന്നെ ഒരുതരം ചൂഷണമാണ്.

## മുസ്ലീംകളുടെ ചുമതല

മുസ്ലിം സമുദായത്തിന് ആധുനികലോകത്ത് വന്നിട്ടുള്ള പരാജയം സാമ്പത്തിക രംഗത്താണ്. ഈ രംഗത്ത് വിജയം അവകാശപ്പെടുന്ന കാപിററലിസം, സോഷ്യലിസം, കമ്മ്യൂണിസം മുതലായ ഇസങ്ങളിലെല്ലാം ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിലുള്ള ചൂഷണവും ക്രൂരതയും ഉച്ചനീചത്വവും കാണപ്പെടുന്നുണ്ട് എന്നതാണ് വാസ്തവം. ഈ വിവിധ വ്യവസ്ഥകളിലുള്ള ദോഷഭാഗങ്ങളെ ഒഴിവാക്കിക്കൊണ്ട്, സമത്വസുന്ദരമായ ഒരു സാമ്പത്തികസംവിധാനം കരഗതമാക്കുവാൻ ഇസ്ലാമിന് സാധിക്കുമെന്നും, അതിനുള്ള ഉപാധികളിൽ മുഖ്യമായ ഒന്നാണ് പലിശയുടെ നിരോധമെന്നും നാം മനസ്സിലാക്കണം. ഇതു മററുള്ളവരെ പറഞ്ഞു ധരിപ്പിക്കുകയും, പലിശയില്ലാത്ത സാമ്പത്തിക സംവിധാ

നം ഒരാദർശലക്ഷ്യമായി അംഗീകരിപ്പിക്കകയും വേണം. ഇതാണ് കേരളമുസ്ലിംകളായ നമ്മുടെ ഒന്നാമത്തെ കടമ. അപകർഷബോധത്തിനും ക്ഷമാപണ സമീപനത്തിനും നമുക്ക ന്യായമില്ല.

ഈ ബോധം സാർവ്വത്രികമായിക്കഴിഞ്ഞാൽ സാമാന്യ ജനങ്ങളുടെ ജീവിതാവശ്യങ്ങറംക്കും ചെറുകിട വ്യവസായങ്ങറംക്കും മററും ചില സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ വേണ്ടിവരുന്ന താൽക്കാലിക വായ്പകറം പലിശയില്ലാതെ നല്കുവാനുള്ള ഏർപ്പാടുകറം ഗവർമ്മെണ്ടു് ലവലിൽ ചെയ്തു കിട്ടുവാൻ ശ്രമിക്കാം. വലിയ നിലയിലുള്ള ചികിത്സകറം, വിവാഹം, ഭവനനിർമ്മാണം, കൃഷിയിറക്കൽ, യന്ത്രസാമഗ്രികളുടെ സജ്ജീകരണം—ഇതെല്ലാം മേല്പറഞ്ഞ ആവശ്യങ്ങളിൽ പെടുന്നതാണ്. വൻകിട വ്യവസായങ്ങറംക്കു് ലിമിററഡ് കമ്പനികറം സംഘടിപ്പിക്കാവുന്നതാണ്. ഇവക്കാവശ്യമായ മുതൽമുടക്കു് ലാഭനഷ്ടങ്ങറം കൂടി ഷെയർ ചെയ്യുന്ന രീതിയിലുള്ള സഹായ വായ്പകറം മുഖേന പരിഹരിക്കേതാണ്. ബേങ്കുകളും ഭീമക്കമ്പെനികളും മററും ഇപ്രകാരം മുതലിറക്കവാൻ തയ്യാറാകേണ്ടതാണ്. വെറും പലിശയിന്മേലുള്ള ഇടപാടുകറം ഒഴിവാക്കി ചൂഷണവിധേയമല്ലാത്ത സേവനങ്ങളിൽ മാത്രം ബേങ്കിടപാടുകറം ഒതുക്കി നിർത്താവുന്നതുമാണ് ഈ നല്ല കാര്യത്തെ ത്വരിതപ്പെടുത്തുന്ന രീതിയിലുള്ള എല്ലാ നീക്കങ്ങളേയും സഹായിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ബേങ്കുകളെ ദേശസാൽകരിക്കുക, (ഇത് ദേശീയ നയമായി സ്വീകരിച്ചു് ബേങ്ക് ദേശസാൽകരണം ആരംഭിച്ചു കഴിഞ്ഞു) സ്വകാര്യമേഖലയിലുള്ള എല്ലാ ഹുണ്ടിക വ്യാപാരങ്ങളും നിരോധിക്കുക, അപെക്സ്

ബേങ്കിൻെറയും വായ്പവാങ്ങുന്ന വ്യക്തിയുടേയും ഇടയിലുള്ള ഏജൻസികളെ കുറച്ചും നിയന്ത്രിച്ചും പലിശ നിരക്ക കുറച്ചു കുറച്ച് പൂജ്യത്തിലേക്ക നയിക്കുക, പലിശ മൂലം വർദ്ധിച്ച ഋണബാദ്ധ്യതകളെ ലഘൂകരിക്കുക മുതലായ പല മാർഗ്ഗങ്ങളും ഇതിന് സ്വീകരിക്കാവുന്നതാണ്. ബേങ്കുകളെ ചൂഷണത്തിൻെറ ഉച്ച കോടിയിൽ നിന്നിറക്കി സേവന പാന്ഥാവിലേക്ക നയിക്കേണ്ടതാണ്. സേവനത്തിൻെറ പരമകാഷ്ഠയായിരിക്കും പലിശയില്ലാത്ത ബേങ്ക്.

ഈ നല്ല കാലം വരുന്നതുവരെ, അതിനെ ത്വരിതപ്പെടുത്തുവാൻ വേണ്ടിയും കൂടി സമുദായ നിലവാരത്തിൽ, സ്വകാര്യമേഖലയിൽ "ബൈത്തുൽ മാലുകൾ" സംഘടിപ്പിക്കേണ്ടതാണ്. ഇതു കുറെ പേർ ചേർന്നുള്ള സഹകരണാടിസ്ഥാനത്തിലോ, മഹല്ലടിസ്ഥാനത്തിലോ, താലൂക്കടിസ്ഥാനത്തിലോമററോ ആവാം. സക്കാത്ത്, മററു ദാനധർമ്മങ്ങൾ, ഷെയറുകൾ, ഡിപോസിററുകൾ മുതലായ ഇനങ്ങളിൽ കൂടി മുതലുണ്ടാക്കാം. ദാനമായും, ഹ്രസ്വകാല വായ്പയായും, ലാഭനഷ്ടങ്ങളുടെ വിഹിതത്തിൽ പങ്കാളിത്വമേറെറടുത്തിട്ടും മററും പണം ചിലവഴിക്കാം. ഇങ്ങിനെയുള്ള ഒരു ബൈത്തുൽമാൽ സംഘടിപ്പിക്കുന്നതിൻെറ പ്രായോഗികവശങ്ങൾ ഇവിടെ വിശദീകരിക്കുന്നില്ല, ചെറിയ നിലയിൽ ആരംഭിച്ചു പടിപടിയായി വളർത്തിക്കൊണ്ടു വരുവാൻ സാധിക്കുന്ന ഒരേർപ്പാടാണ് ഇതു് എന്നു ഉറപ്പിച്ചു പറയാം. നമ്മുടെ സാമുദായിക സംഘടനകൾ ഇറങ്ങി പ്രവർത്തിക്കേണ്ട ഒരു പദ്ധതിയാണ് ഇതു്.

അങ്ങിനെ നമ്മുടെ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയിലേക്ക് ഒരു പുതിയ കാൽവെപ്പ് ആരംഭിക്കാം. എന്തുകൊണ്ടെന്നാൽ

أَنْ لَيْسَ لِلْإِنْسَانِ إِلَّا مَا سَعَى

"നിശ്ചയമായും മനുഷ്യന് അവൻെറ ശ്രമഫലമല്ലാതെ മററൊന്നും ലഭ്യമാകയില്ല" (വി. ഖു.) യെന്നു വിശുദ്ധ ഖുർആൻ കല്പിക്കുന്നു.

هَلْ جَزَاءُ الْإِحْسَانِ إِلَّا الْإِحْسَانُ

"നന്മയുടെ പ്രതിഫലം നന്മയല്ലാതെ വരുമോ" (വി.ഖു.) എന്നും വിശുദ്ധ ഖുർആൻ ചോദിക്കുന്നു. ഉത്തരം ഒന്നേയുള്ളു. അതു് ചോദ്യത്തിൽ തന്നെയുണ്ടുതാനും.

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً

وَقِنَا عَذَابَ النَّارِ

"രക്ഷിതാവെ, ഞങ്ങൾക്ക് ഈ ലോകത്ത് നീ നന്മ നല്കേണമേ, പരലോകത്തും നന്മ നൽകേണമേ; ഞങ്ങളെ നരകയാതനയിൽനിന്നും രക്ഷിക്കേണമേ!" (വി. ഖു.) ആമീൻ.

LIBRARY ISLAMIC CENTRE CALICUT
2482